**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3938** **17-03-2025-ൽ മറുപടിയ്ക്ക്**

**<u>തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർക്കെതിരെ ഉയർന്ന പരാതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പി. എ. മജീദ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരെ കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ പറയുന്ന വിഷയം എന്താണ്; ആരാണ് പരാതി നൽകിയത്; ഏത് ഡോക്ടറെ കുറിച്ചാണ് പരാതിയിൽ പരാമർശിച്ചിരിക്കുന്നത്; വിശദമാക്കാമോ;

**<u>മറുപടി:</u>** തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർക്കെതിരെ ഉയർന്ന പരാതികൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പേര് | വിഷയം | പരാതിക്കാർ |
|---|---|---|---|
| 1 | ഡോ.ജെയിൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | വിദ്യാർത്ഥി സംഘർഷത്തിൽ പരിക്കേറ്റ വിദ്യാർത്ഥികൾക്ക് ചികിത്സ നിഷേധിച്ചെന്ന പരാതി | 1. യു.എ.റസാഖ്<br>2. മുഹമ്മദ് ഹസ്സൻ മാസ്റ്റർ |
| 2 | ഡോ.ഫെബീന, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | കൈവിരൽ മുറിഞ്ഞ ഒന്നരവയസ്സുള്ള കുട്ടിക്ക് ചികിത്സ വൈകിപ്പിച്ചു എന്ന പരാതി | അഡ്വ.ജയ്സിംഗ് |
| 3 | ഡോ.ഫെബീന, ഡോ.ഫൈസൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | പാലത്തിങ്ങൽ അബൂബക്കറിന്റെ മൃതദേഹത്തോട് അനാദരവ് കാണിച്ചു എന്ന പരാതി | 1. ശ്രീ.അഷറഫ് കളത്തിങ്കൽ പറ<br>2. തിരൂരങ്ങാടി നഗരസഭാ ചെയർമാൻ, ശ്രീ.യു.എ.റസാഖ് (ഡോക്ടറുടെ പേര് പരാമർശിക്കാതെ നൽകിയ പരാതി) |
| 4 | ഡോ.സഹീദ, അസിസ്റ്റന്റ് സർജൻ | ഭാര്യയായ ഡോക്ടർക്ക പകരം മറ്റൊരു ആശുപത്രിയിലെ ഡോക്ടർ എത്തി രോഗികളെ പരിശോധിക്കുന്നു എന്ന പരാതി | 1. ശ്രീ.അബ്ദു റഹീം പൂക്കോത്തു<br>2. ശ്രീ.യു.എ.റസാക്ക് |

**(ബി)** പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>മറുപടി:</u>**

| ക്രമ.നം. | പേര് | വിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | ഡോ.ജെയിൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | വിദ്യാർത്ഥി സംഘർഷത്തിൽ പരിക്കേറ്റ വിദ്യാർത്ഥികൾക്ക് ചികിത്സ നിഷേധിച്ചെന്ന പരാതി | പ്രസ്തുത സ്ഥാപനത്തിൽ നിന്നും മാറ്റി നിയമിച്ചിട്ടുണ്ട്. |
| 2 | ഡോ.ഫെബീന, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 1) കൈവിരൽ മുറിഞ്ഞ ഒന്നരവയസ്സുള്ള കുട്ടിക്ക് ചികിത്സ വൈകിപ്പിച്ചു എന്ന പരാതി<br><br>2) പാലത്തിങ്ങൽ അബൂബക്കറിന്റെ മൃതദേഹത്തോട് അനാദരവ് കാണിച്ചു എന്ന പരാതി | വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും നിലവിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. |
| 3 | ഡോ.സഹീദ, അസിസ്റ്റന്റ് സർജൻ | ഭാര്യയായ ഡോക്ടർക്ക പകരം മറ്റൊരു ആശുപത്രിയിലെ ഡോക്ടർ എത്തി രോഗികളെ പരിശോധിക്കുന്നു എന്ന പരാതി | വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും, നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും മാറ്റി നിയമിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**